പത്രക്കുറിപ്പ്
07-11-2017

## 'കുടുംബശ്രീ ചിക്കൻ' പദ്ധതി ഉദ്ഘാടനവും ഭക്ഷ്യ സുരക്ഷാഭവനം ലോഗോ പ്രകാശനവും ഇന്ന് (08/11/2017)

തിരുവനന്തപുരം- മലയാളികളുടെ തീൻമേശയിൽ ഗുണനിലവാരമുള്ള ഇറച്ചിക്കോഴി എത്തുമെന്ന് ഉറപ്പാക്കാൻ കുടുംബശ്രീ രംഗത്ത്. കേരള സർക്കാരും മൃഗസംരക്ഷണ വകുപ്പും കെപ്കോയുമായി ചേർന്ന് കുടുംബശ്രീ തുടക്കം കുറിക്കുന്ന 'കുടുംബശ്രീ ചിക്കൻ' പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (08-11-2017) തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ രാവിലെ 11ന് ധനകാര്യ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് നിർവഹിക്കും. കെ. മുരളീധരൻ എംഎൽഎയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ മൃഗസംരക്ഷണവകുപ്പ് മന്ത്രി അഡ്വ. കെ. രാജു മൃഗസംരക്ഷണ വകുപ്പ്- കുടുംബശ്രീ സംയോജനത്തിന്റെ ഔദ്യോഗിക തുടക്കം കുറിക്കലും കുടുംബശ്രീ യൂണിറ്റുകൾക്കുള്ള റിവോൾവിങ് ഫണ്ട് വിതരണവും നിർവ്വഹിക്കും. സുരക്ഷിത ഭക്ഷണം അവകാശവും ആവശ്യവുമാണെന്ന തിരിച്ചറിവിൽ കുടുംബശ്രീ ആരംഭിച്ച ഭക്ഷ്യ സുരക്ഷാ ഭവനം പദ്ധതിയുടെ ലോഗോ പ്രകാശനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ നിർവ്വഹിക്കും.

സംസ്ഥാനത്ത് മുഴുവൻ ജില്ലകളിലും ഹാച്ചറി യൂണിറ്റുകളും കോഴിയിറച്ചി വിപണന കേന്ദ്രങ്ങളും ആരംഭിച്ച് പദ്ധതി വിപുലപ്പെടുത്തി വനിതാ സംരംഭകർക്ക് മികച്ച വരുമാനം ലഭ്യമാക്കാനും 'കുടുംബശ്രീ ചിക്കൻ' പദ്ധതി വഴി കുടുംബശ്രീ ലക്ഷ്യമിടുന്നു. ഇറച്ചിക്കോഴി യുടെ ഉയർന്ന വിലയും അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ഇറച്ചിക്കോഴിയുടെ ഗുണനില വാരം സംബന്ധിച്ച ആശങ്കയുമാണ് 'കുടുംബശ്രീ ചിക്കൻ' എന്ന പദ്ധതിക്ക് തുടക്കം കുറിക്കാ ൻ സർക്കാരിനെ പ്രേരിപ്പിച്ചത്. കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളും അവർക്കാവശ്യമുള്ള പച്ചക്കറി സ്വയം ഉത്പാദിപ്പിക്കുന്നതിനും മറ്റുള്ളവരിൽ എത്തിക്കുന്ന തിനുമുള്ള പദ്ധതിയാണ് ഭക്ഷ്യ സുരക്ഷയ്ക്ക് എന്റെ കൃഷി. പദ്ധതിയിൽ അംഗമാകുന്ന എല്ലാവർക്കും പരിശീലനവും വിത്തുകളും നൽകും. കേരളത്തിൽ ഇതുവരെ 6 ലക്ഷം കുടും ബങ്ങളിൽ ഇത്തരത്തിൽ വിത്തുകളും അംഗങ്ങൾക്ക് പരിശീലനവും ലഭിച്ചു കഴിഞ്ഞു. ഇത്തരം വീടുകളെ ഭക്ഷ്യ സുരക്ഷാ ഭവനങ്ങളായി ഇന്ന് പ്രഖ്യാപിക്കുകയും ചെയ്യും.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ യോഗത്തിൽ സ്വാഗതം ആശംസിക്കും. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എൻ.എൻ. ശശി പദ്ധതി വിശദീക രണം നടത്തും. കുടുംബശ്രീ ഓണ ചന്തകളിലെ മികച്ച പങ്കാളിത്തം നടത്തിയ ജീവ ടീമി നുള്ള അവാർഡ് വിതരണം തിരുവനന്തപുരം നഗരസഭാ മേയർ അഡ്വ. വി.കെ. പ്രശാന്ത് നിർ വ്വഹിക്കും. ജീവ ടീമിനുള്ള സർട്ടിഫിക്കറ്റ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധുവും കഴിഞ്ഞ ഓണക്കാലത്ത് മികച്ച രീതിയിൽ ഓണച്ചന്തകൾ സംഘടിപ്പിച്ച സിഡി എസുകൾക്കുള്ള അവാർഡ് വിതരണം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൾ സെക്ര ട്ടറി ടി.കെ. ജോസും നിർവ്വഹിക്കും. മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി അനിൽ എക്സ്, കെപ് കോ ചെയർപേഴ്സൺ ജെ. ചിഞ്ചു റാണി, പാളയം രാജൻ (വാർഡ് കൗൺസിലർ) കുടും ബശ്രീ ഡയറക്ടർ എസ്. നിഷ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർമാരായ ബിനു ഫ്രാൻസിസ്, കെ.വി. പ്രമോദ്, ജി.എസ്. അമൃത, ജില്ലാ മൃഗസംരക്ഷണ ഓഫീസർ എസ്. രാജേന്ദ്രൻ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ.കെ. ഷൈജു എന്നിവരും ചടങ്ങിൽ പങ്കെടുക്കും. കെപ്കോ മനേജിങ് ഡയറ്കടർ ഡോ. വിനോദ് ജോൺ നന്ദി പ്രകാശിപ്പിക്കും.

മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ, ഇറച്ചിക്കോഴി വളർത്തൽ- കേരളത്തിലെ സാധ്യത കൾ എന്നീ വിഷയങ്ങളിൽ സെമിനാറും സംഘടിപ്പിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ